## ഡി. സി. എം. യു. പി. സ്കൂൾ, തിരുനെല്ലി.

# സ്കൂൾ പ്രവേശനോത്സവം 2026

---

ജൂൺ ഒന്നിന്റെ പുലരിയിൽ അക്ഷരമുറ്റം ഉണർന്നു. വർണ്ണങ്ങളുടെ ഉത്സവം പോലെ, കുരുന്നു ഹൃദയങ്ങൾ ആദ്യാക്ഷരത്തിന്റെ മധുരം നുകരാനായി സ്കൂൾ മുറ്റത്തേക്ക് എത്തിച്ചേർന്നു. ബാൻഡ് മേളത്തിന്റെ താളലയങ്ങളും കുരുന്നുകളുടെ കളകളാരവവും ചേർന്നപ്പോൾ പ്രവേശനോത്സവം ഒരു വർണ്ണവിസ്മയമായി മാറി.

വർണ്ണതൊപ്പികൾ ശിരസ്സിലണിഞ്ഞ്, കൈകളിൽ ദീപവും മിഴികളിൽ സ്വപ്നങ്ങളുമായി നവാഗതർ വിശിഷ്ടാതിഥികളോടൊപ്പം വിദ്യാലയത്തിന്റെ തിരുമുറ്റത്തേക്ക് ചുവടുവെച്ചു.  പുതിയ കൂട്ടുകാരെയും അധ്യാപകരെയും കണ്ട് ചിലർ ചിരിച്ചും, അമ്മമാരുടെ കൈകളിൽ തൂങ്ങി ചിലർ കരഞ്ഞും ആ വലിയ ലോകത്തേക്ക് കാലെടുത്തുവെച്ചു. വർണ്ണാഭമായ ബലൂണുകളും തോരണങ്ങളും ആ കുരുന്നുകളെ വരവേറ്റു. പുത്തൻ കുടയും പുസ്തകസഞ്ചിയുമായി എത്തിയ അവർക്ക്, അക്ഷരമുറ്റം ഒരു പുതിയ ജീവിതത്തിന്റെ മനോഹരമായ തുടക്കമായിരുന്നു.



ഓഡിറ്റോറിയം ദീപപ്രഭയിൽ കുളിച്ചു നിൽക്കെ, ആത്മവിശ്വാസത്തിന്റെ തിരിനാളവുമായി കുഞ്ഞുങ്ങൾ സദസ്സിലേക്ക് കടന്നുവന്നു. ഒന്നാം തരത്തിലെ അധ്യാപികമാരായ സി. ലിൻസ്, സി. സൗമ്യ, അമൃത ടീച്ചർ എന്നിവർ ആ കുരുന്നു കരങ്ങളോട് ചേർന്ന് അക്ഷരദീപം തെളിയിച്ചു. ഇരുട്ടിനെ അകറ്റി അറിവിന്റെ വെളിച്ചം പകരുന്ന ആ നിമിഷം, കണ്ടുനിന്നവരുടെ ഹൃദയങ്ങളെയും പ്രകാശഭരിതമാക്കി.





സി.ആഷ്‌ലിന്റെ ഈശ്വരപ്രാർത്ഥനയോടെ സുദിനം അനുഗ്രഹീതമായി. ഡി.സി.എം. യു.പി സ്കൂളിന്റെ പ്രധാനധ്യാപിക സി. നവ്യ ഹൃദ്യമായ സ്വാഗതം ആശംസിച്ചു. പി.ടി.എ പ്രസിഡന്റ് ശ്രീ. ദിനേശൻ കോട്ടിയൂർ അധ്യക്ഷപദം അലങ്കരിച്ച് ആശംസകൾ നേർന്നു. വാർഡ് മെമ്പറും പഞ്ചായത്ത് വൈസ് പ്രസിഡന്റുമായ ശ്രീ. കെ.ടി. ഗോപിനാഥൻ ഭദ്രദീപം കൊളുത്തി പ്രവേശനോത്സവത്തിന് ഔദ്യോഗികമായി തിരിതെളിച്ചു.



മേരിമാതാ പ്രൊവിൻസ് മാനന്തവാടി, പ്രൊവിൻഷ്യൽ കൗൺസിലർ റവ. സിസ്റ്റർ സെലിൻ മേരിയുടെ അനുഗ്രഹപ്രഭാഷണം സദസ്സിന് വഴിവിളക്കായി. രക്ഷിതാക്കൾക്കും കുരുന്നുകൾക്കും ഒരുപോലെ വഴികാട്ടിയായ ആ വാക്കുകൾ സ്നേഹത്തിന്റെയും മൂല്യങ്ങളുടെയും പാഠങ്ങളായിരുന്നു. തുടർന്ന്, വിദ്യാലയത്തിലേക്ക് ആദ്യ ചുവടുവെച്ച 48 പൊന്നോമനകളെ സിസ്റ്റർ സ്നേഹപൂർവ്വം വരവേറ്റു. ഫ്ലവർ പോട്ടിൽ ഒരുക്കിവെച്ച മധുരവും പെൻസിലും പാറിപ്പറക്കുന്ന പൂമ്പാറ്റയുടെ പ്രതീകവും നൽകി, അവരുടെ വിദ്യാരംഭത്തിന് മധുരം പകർന്നു.

അക്ഷരപ്പറയിൽ നെല്ലിനു പകരം അക്ഷരങ്ങൾ നിറച്ച് കുരുന്നുകൾ വിദ്യാരംഭം കുറിച്ചു. ജോമോൻ സാറിന്റെ നേതൃത്വത്തിൽ ഉയർന്ന പ്രവേശനോത്സവ പ്രതിജ്ഞ, ഒരു തലമുറയുടെ ദൃഢനിശ്ചയമായി മുഴങ്ങി.





രണ്ടാം വാർഡ് എ.ഡി.എസ് ശ്രീമതി ഷീബയും അധ്യാപിക ശ്രീഷ്മ ടീച്ചറും ആശംസകൾ നേർന്നു. കുട്ടികളുടെ സ്വരമായി യു.പി വിഭാഗത്തിൽ നിന്ന് ജഗത് കൃഷ്ണയും അംന ഫാത്തിമയും ഒന്നാം ക്ലാസിൽ നിന്ന് നിയ ഫാത്തിമയും വേദി പങ്കിട്ടു. അവരുടെ നിഷ്കളങ്കമായ വാക്കുകളിൽ ഭാവി ഭാരതത്തിന്റെ പ്രതീക്ഷ തിളങ്ങി.

CM കിഡ്സ് പ്രതിഭകൾക്ക് അംഗീകാരത്തിന്റെ പൂച്ചെണ്ടുകൾ നൽകി . LSS ജേതാക്കളായ അംന ഫാത്തിമ, വേദ ലക്ഷ്മി, മിസ് വ മെഹ്റിൻ എന്നിവരെയും USS നേടിയ അൻസില റൈഹാനെയും മൊമെന്റോ നൽകി ആദരിച്ചപ്പോൾ സദസ്സ് കരഘോഷത്താൽ മുഖരിതമായി.

സി. ഷെറിന്റെ നന്ദിപ്രകാശനത്തോടെ ഔദ്യോഗിക ചടങ്ങുകൾക്ക് തിരശ്ശീല വീണു. പിന്നീട്, സ്നേഹത്തിന്റെ മധുരമായി പായസം വിളമ്പിയപ്പോൾ, പ്രവേശനോത്സവം ഒരു കുടുംബസംഗമത്തിന്റെ ഊഷ്മളതയിലേക്ക് വഴിമാറി.

പി.ടി.എ, എം.പി.ടി.എ ഭാരവാഹികളുടെയും അധ്യാപക-അനധ്യാപകരുടെയും രക്ഷിതാക്കളുടെയും വിദ്യാർത്ഥികളുടെയും ഹൃദയപൂർവ്വമായ സഹകരണം കൊണ്ട് ഈ സുദിനം അക്ഷരങ്ങളെക്കാൾ മനോഹരമായ ഒരു ഓർമ്മയായി പരിണമിച്ചു. ഇവിടെ വീണ അക്ഷരവിത്തുകൾ നാളെ വൻവൃക്ഷങ്ങളായി പന്തലിക്കുമെന്ന പ്രത്യാശയോടെ പ്രവേശനോത്സവത്തിന് അവസാനം കുറിച്ചു.